MR. ABDUL MAJEED : മണ്ണെണ്ണ വിതരണത്തിൽ വലിയ അനീതികളും അഴിമതികളും ഉണ്ടെന്നുള്ള കാര്യം ഗവണ്മെൻറിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ?

HON'BLE MR. A. THANU PILLAI : അങ്ങനെ ഉള്ളതായി അറിഞ്ഞുകൂടാ. എന്നാൽ ചില പരാതികൾ ഉണ്ട്. കഴിയുന്നതും ശരിയായി വിതരണം ചെയ്യുന്നതിനു നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

MR. ABDUL MAJEED : ചിറയിൻകീഴ് താലൂക്കിനു കൊടുക്കുന്ന മണ്ണെണ്ണയിൽ ക്രമക്കേടും അധികാരികൾ മോഷ്ടിക്കുന്നുണ്ടെന്നുള്ള വിവരം അറിയാമോ ?

HON'BLE MR. A. THANU PILLAI : തെളിവു തരാമെങ്കിൽ കർശനമായ നടപടി നടത്താം.

ചവറ മിനറൽസ് വക്കേഴ്സ് - ബോണസുകാര്യം.

267. MR. K. SARANGADHARAN (*Ambalapuzha II—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ ?

(എ) ചവറ മിനറൽവക്കേഴ്സിന്റെ ബോണസുകാര്യം തീരുമാനിക്കുന്നതിനുകൂടിയ ത്രികക്ഷിസമ്മേളനത്തിൽ സംബന്ധിക്കുവാൻ തൊഴിലാളിപ്രതിനിധികളെ ക്ഷണിച്ചില്ലെന്നുള്ള മിസ്റ്റർ ശ്രീകണ്ഠൻനായരുടെ ആരോപണം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

(ബി) ടി ആരോപണത്തിൽ വാസ്തവമുണ്ടോ ?

HON'BLE MR. T. M. VARGHESE : (*a*) തൊഴിലാളിപ്രതിനിധികളായ മി. ശ്രീകണ്ഠൻനായരും മി. ബേബിജാണും ആ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. നിശ്ചയപ്രകാരമുള്ള ബോണസ് ചില കമ്പനികളിൽ കൊടുത്തിട്ടുണ്ട്.

MR. PONNARA G. SREEDHAR (*Nedumangad II—General*) : ഏതു കമ്പനിയിൽ കൊടുത്തിട്ടുണ്ട്.

HON'BLE MR. T. M. VARGHESE : Hopkins and Williams-ലും മറ്റു ചില കമ്പനികളിലും കൊടുത്തിട്ടുണ്ട്.

(*b*) There is no truth in the allegation, if it has been made.

LIBRARY ARCHIVES Kerala Legislative Assembly